/

എസ്.എ(2) 45900/19

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി 14.7.2020.

## സർക്കുലർ

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - 2020 - വർഷത്തെ പൊതുസ്ഥലമാറ്റം - തീയതികൾ പുതുക്കി നിശ്ചയിക്കുന്നത് -സംബന്ധിച്ച്

സൂചന :- 1. സ .ഉ.(പി) നമ്പർ 3/ 17/ഉ.പ.ഭ.വ തീയതി 25.2.2017.
2. ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി 17.6.2020.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2020 വർഷത്തെ പൊതുസ്ഥലമാറ്റത്തിന്റെ മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും അപേക്ഷകൾ ക്ഷണിച്ച്, ആയതിനു സമയപരിധി നിശ്ചയിച്ചുകൊണ്ടും സൂചന 1 പ്രകാരം സർക്കുലർ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന നിശ്ചിത തീയതികൾക്കു ശേഷം ചില ജീവനക്കാരുടെ അപേക്ഷകൾ ബന്ധപ്പെട്ട DDO- മാർ / ജില്ലാ അധികാരികൾ എന്നിവർക്ക് ഈ ഓഫീസിലേക്ക് അയക്കുന്നതിന് സങ്കേതിക തകരാറുകാരണം സാധിച്ചിട്ടില്ലായെന്നും ആയതിനാൽ ഒരിക്കൽ കൂടി അപേക്ഷകൾ ഈ ഓഫീസിലേക്ക് സമർപ്പിക്കുന്നതിന് അവസരം നൽകണമെന്നും നിരവധി പരാതികൾ നിർദിഷ്ട e-mail മുഖേന ലഭിച്ചിരിക്കുന്നു.

ആയതിനാൽ ഇപ്പോഴത്തെ COVID- 19 പ്രത്യേക സാഹചര്യം കണക്കിലെടുത്തു ബന്ധപ്പെട്ട DDO -മാർ/ ജില്ലാ അധികാരികൾ എന്നിവർക്ക് ജീവനക്കാർ നൽകിയിട്ടുള്ള അപേക്ഷകൾ ഈ ഓഫീസിലേക്ക് സമർപ്പിക്കുന്നതിന് ഒരു ദിവസം കൂടി അവസരം നൽകികൊണ്ട് അനുവദിച്ച തീയതികൾ ചുവടെ ചേർക്കുന്നു. സൂചന 2 ലെ സർക്കുലറിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതിയിൽ അപേക്ഷ സമർപ്പിക്കാത്ത ജീവനക്കാർക്ക് പുതുതായി അപേക്ഷ നൽകുന്നതിന് അവസരം ഉണ്ടായിരിക്കുന്നതല്ല.

→

**2020 വർഷത്തെ വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റ അപേക്ഷ ഫോർവേഡ് ചെയ്യുന്നതിന് അനുവദിച്ച തീയതി ചുവടെ ചേർക്കുന്നു.**

| | | |
|---|---|---|
| 1 | അതാത് DDO-മാർ ജില്ലാ അധികാരിയായ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടത് | **17.7.2020** |
| 2 | ജില്ലാ അധികാരി (പ്രിൻസിപ്പൽ കൃഷി ഓഫീസർ ) സംസ്ഥാന അധികാരിയായ കൃഷി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത് | **21.7.2020** |
| 3 | സംസ്ഥാനതല അധികാരി അപേക്ഷ അംഗീകരിക്കുന്നത് / നിരസിക്കുന്നത് | **22.7.2020** |

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടർ

കൃഷി വകുപ്പിലെ എല്ലാ ജീവനക്കാർക്കും
പകർപ്പ് :-
കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും
കൃഷി ഡയറക്ടറുടെ പി.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
വെബ്സൈറ്റ് , കരുതൽ ഫയൽ